മാനന്തവാടി-തിരുനെല്ലി ബസ്സ് സർവ്വീസ്

73 [2110] ശ്രീ. എൻ. ഡി. അപ്പച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ ഏതെല്ലാം സ്ഥലങ്ങളിൽ നിന്നും ടൂറിസ്റ്റുകേന്ദ്രവും തീർത്ഥാടന കേന്ദ്രവുമായ തിരുനെല്ലിയിലേക്ക് കെ. എസ്. ആർ. ടി. സി. ബസ്സുകൾ ഓടിയ്ക്കുന്നുണ്ട് ;

(ബി) എത്ര ട്രിപ്പുകൾ വീതം ഈ ജില്ലകളിലെ സ്ഥലങ്ങളിൽ നിന്ന് തിരുനെല്ലിയിലേക്ക് സർവ്വീസ് നടത്തുന്നു എന്ന് വെളിപ്പെടുത്തുമോ;

(സി) തലശ്ശേരി, കാഞ്ഞങ്ങാട്, കാസർഗോഡ് എന്നീ സ്ഥലങ്ങളിൽ നിന്നും തിരുനെല്ലിയിലേക്ക് പ്രതിദിനം കെ. എസ്. ആർ. ടി. സി.യുടെ രണ്ട് സർവ്വീസ് എങ്കിലും ഓപ്പറേറ്റ് ചെയ്യുവാൻ നിർദ്ദേശം നൽകുമോ;

(ഡി) മാനന്തവാടിയിൽ നിന്ന് തിരുനെല്ലിയിലേക്ക് കെ. എസ്. ആർ. ടി. സി. ഇപ്പോൾ എത്ര സർവ്വീസുകൾ വീതം നടത്തിവരുന്നു എന്ന് വെളിപ്പെടുത്തുമോ;

(ഇ) മാനന്തവാടി തിരുനെല്ലി റൂട്ടിൽ രണ്ടു മണിക്കൂർ ഇടവിട്ടെങ്കിലും കെ. എസ്. ആർ. ടി. സി. ബസ്സ് സർവ്വീസ് ഏർപ്പെടുത്തുവാനാവശ്യമായ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഗുരുവായൂർ, കോഴിക്കോട് എന്നീ ഡിപ്പോയിൽ നിന്ന് ഓരോ സർവ്വീസ് നിലവിൽ ഉണ്ട്. കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ നിന്നും തിരുനെല്ലിയിലേക്ക് സർവ്വീസുകൾ നടത്തുന്നത് കെ. എസ്. ആർ. ടി. സി.യ്ക്ക് ഗുണകരമായിരിക്കില്ലായെന്ന കാരണത്താൽ ഈ ജില്ലകളിൽ നിന്നും കെ. എസ്. ആർ. ടി. സി. സർവ്വീസുകൾ നടത്തുന്നില്ല. എന്നാൽ വിശേഷ ദിവസങ്ങളായ പിതൃതർപ്പണം തുടങ്ങിയ സമയങ്ങളിൽ കെ. എസ്. ആർ. ടി. സി. മാനന്തവാടി ഡിപ്പോയിൽ നിന്നും തിരുനെല്ലിയിലേക്ക് സർവ്വീസ് നടത്തുന്നുണ്ട്.

(ബി) കോഴിക്കോട് നിന്ന് രണ്ട് ട്രിപ്പുകളും ഗുരുവായൂരിൽ നിന്ന് ഒരു ട്രിപ്പും സർവ്വീസ് നടത്തുന്നുണ്ട്.

(സി) തിരുനെല്ലിയിലേക്ക് നിലവിൽ ഉള്ള സർവ്വീസുകളിൽ ഒരു ദിശയിലേക്ക് മാത്രമേ ആളുകളെ കിട്ടുന്നുള്ളു. ആയതിനാൽ ടി സ്ഥലങ്ങളിൽ നിന്നും സർവ്വീസ് നടത്തുന്നത് കെ. എസ്. ആർ. ടി. സി.യ്ക്ക് ഗുണകരമാകില്ല. കൂടാതെ പ്രൈവറ്റ് ബസ്സുകളും ടി പ്രദേശങ്ങളിൽ നിന്നും തിരുനെല്ലിയ്ക്ക് സർവ്വീസ് നടത്തുന്നുണ്ട്. അതിനാൽ ഇക്കാര്യം തൽക്കാലം പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) മാനന്തവാടിയിൽ നിന്നും നിലവിൽ ഒരു സർവ്വീസും ഓപ്പറേറ്റ് ചെയ്യുന്നില്ല.

(ഇ) തൽക്കാലം പരിഗണനയിലില്ല.

രാത്രി ഒൻപതിനുശേഷം നിശ്ചിത സ്റ്റോപ്പുകളിലല്ലാതെ ബസ്സ് നിർത്താൻ നടപടി

74 [2111] ശ്രീ. ജോസഫ് എം. പുതുശ്ശേരി

" സ്റ്റീഫൻ ജോർജ്:

ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി

ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായതും ലാഭകരമായതുമായ റൂട്ടുകളിൽ കൂടുതൽ ബസ്സ് സർവ്വീസുകൾ നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) രാത്രി 9-ന് ശേഷം ലിമിറ്റഡ് സ്റ്റോപ്പ്, ഫാസ്റ്റ്, സൂപ്പർ ഫാസ്റ്റ് ബസ്സുകൾ നിശ്ചിത സ്റ്റോപ്പുകളിലല്ലാതെ മറ്റ് സ്റ്റോപ്പുകളിൽ നിർത്താൻ യാത്രക്കാർ ആവശ്യപ്പെട്ടാൽ, അങ്ങനെയുള്ള സ്റ്റോപ്പുകളിൽ ബസ് നിർത്താൻവേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കെ. എസ്. ആർ. ടി. സി.യുടെ ലിമിറ്റഡ് സ്റ്റോപ്പ്, ഫാസ്റ്റ് പാസഞ്ചർ സർവ്വീസുകൾ രാത്രി 10 മണിക്കും രാവിലെ 6 മണിക്കും മദ്ധ്യേയുള്ള സമയങ്ങളിൽ യാത്രക്കാർ ആവശ്യപ്പെടുന്ന സ്ഥലത്ത് നിറുത്തിക്കൊടുക്കാനുള്ള നിർദ്ദേശം നിലവിലുണ്ട്. സൂപ്പർ ഫാസ്റ്റ് ബസ്സുകൾ നിശ്ചിത സ്റ്റോപ്പുകളിലല്ലാതെ നിറുത്തുന്നകാര്യം തൽക്കാലം പരിഗണിക്കാൻ നിർവ്വാഹമില്ല.

ശബരിമല സ്പെഷ്യൽ സർവ്വീസ്

75 [2112] ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സീസണിൽ ശബരിമല റൂട്ടിൽ സർവ്വീസ് നടത്തിയ ഇനത്തിൽ കെ. എസ്. ആർ. ടി. സി.ക്ക് ലഭിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) ഇത് കഴിഞ്ഞ വർഷത്തെ തുകയുമായി താരതമ്യം ചെയ്താൽ എത്ര എന്ന് വെളിപ്പെടുത്തുമോ;

(സി) ഈ വർഷം ശബരിമലയ്ക്ക് ആകെ നടത്തിയ സർവ്വീസുകൾ എത്രയായിരുന്നു.;

(ഡി) കഴിഞ്ഞ വർഷത്തെ നിരക്കും, ഇപ്പോഴത്തെ നിരക്കും തമ്മിലുള്ള വ്യത്യാസവും, കഴിഞ്ഞ വർഷത്തെയും ഈ വർഷത്തെയും വരുമാനവും തമ്മിൽ താരതമ്യം ചെയ്യുമ്പോൾ കെ. എസ്. ആർ. ടി. സി.ക്ക് ഇത് ലാഭകരമായിരുന്നോയെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly